പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .4888

04.07.2012-ൽ മറുപടിക്ക്

## നാട്ടികയിൽ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി ഗീതാ ഗോപി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാട്ടിക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദവിവരം നൽകുമോ ? | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാട്ടിക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.<br>സമ്പാദ്യസമാശ്വാസ പദ്ധതി പ്രകാരം നാട്ടിക നിയോജക മണ്ഡലത്തിൽ **1156** മത്സ്യത്തൊഴിലാളികളെ ഗുണഭോക്താക്കളാക്കിയിട്ടുണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ **(NFWF)** ധനസഹായത്തോടെ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം നാട്ടിക നിയോജക മണ്ഡലത്തിൽ നിന്നും അർഹരായ **41** അപേക്ഷകൾ ലഭിച്ചിട്ടുള്ളത് പരിഗണിച്ചു വരുന്നു. ടി.ആർ.പി. പദ്ധതി പ്രകാരം നാട്ടിക നിയോജക മണ്ഡലത്തിൽ **137** കടൽ സുരക്ഷാ കിറ്റുകൾ അംഗീകൃത മത്സ്യത്തൊഴിലാളികൾക്ക് വിതരണം നടത്തി. മൺസൂൺ കാലയളവിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെ മുൻ നിർത്തി നാവിക സേന, കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ് എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ **20/06/2012** ന് നാട്ടിക നിയോജക മണ്ഡലത്തിൽ നമ്പിക്കടവിൽ വച്ച് മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഒരു ബോധവൽക്കരണ പരിപാടി നടത്തുകയുണ്ടായി. ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി ഫിഷറീസ് വകുപ്പ് നാട്ടിക പഞ്ചായത്തിൽ കടലിൽ പോകുന്ന തെരഞ്ഞെടുത്ത **11** മത്സ്യത്തൊഴിലാളികൾക്കും തളിക്കുളം പഞ്ചായത്തിൽ തെരഞ്ഞെടുത്ത **40** |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്കും വലപ്പാട് പഞ്ചായത്തിൽ തെരഞ്ഞെടുത്ത 62 മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധനത്തിന് വല വിതരണം നടത്തി. മത്സ്യ കേരളം പദ്ധതിയുടെ ഭാഗമായി നാട്ടിക നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെരഞ്ഞെടുത്ത മത്സ്യകർഷകർക്ക് പദ്ധതിയുടെ മാനദണ്ഡപ്രകാരം ശുദ്ധ ജല മത്സ്യങ്ങളായ കട്ല, രോഹു,മൃഗാൽ,ഗ്രാസ് കാർപ്പ് എന്നിവ വിതരണം നടത്തി. നാട്ടിക നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 125 അടുക്കളക്കുളങ്ങളിൽ കരിമീൻ കൃഷി ആരംഭിക്കുകയും ഇതിലേയ്ക്ക് 12500 കരിമീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ചെയ്തു. ഫിഷറീസ് വകുപ്പ് ജല കൃഷി വികസന ഏജൻസി (അഡാക്ക്) മുഖേന നാട്ടിക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം 2011-12 വർഷം കോൾ നിലങ്ങളിലെ 'ഒരു നെല്ലും ഒരു മീനും' പദ്ധതിയിലുൾപ്പെടുത്തി 755.9 ഹെക്ടറിൽ 2267700 എണ്ണം ഗുണമേന്മയുള്ള കട്ല,രോഹു,ഗ്രാസ് കാർപ്പ് എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ വിത്തുകൾ കോൾ കർഷകർക്ക് സബ്സിഡി ഇനത്തിൽ നൽകുകയുണ്ടായി. 2012-13 വർഷം നാട്ടിക മണ്ഡലത്തിൽ കോൾ നിലങ്ങളിലെ 'ഒരു നെല്ലും ഒരു മീനും' പദ്ധതി പ്രകാരം 1093.5 ഹെക്ടറിൽ 3254200 എണ്ണം ആറ്റു കൊഞ്ചു വിത്തുകളും 3280500 എണ്ണം കട്ല,രോഹു,ഗ്രാസ്സ് കാർപ്പ് എന്നീ ഇനത്തിൽപ്പെട്ട മത്സ്യ വിത്തുകളും കോൾ കർഷകന് നൽകുകയുണ്ടായി. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 11 പദ്ധതികളിലായി 544 പേർക്ക് 34,08,941 രൂപ വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ